(സി) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എത്ര;

(ഡി) വിമാനയാത്രാക്കൂലി എത്ര;

(ഇ) യാത്രാബത്തയും ക്ഷാമബത്തയും എത്ര;

(എഫ്) ഹോസ്പിറ്റാലിറ്റി ചാർജ്ജ് എത്ര;

(ജി) പേഴ്സണൽ സ്റ്റാഫിന്റെ ശമ്പളം, അലവൻസ്, യാത്രാബത്ത, ക്ഷാമബത്ത ഇനങ്ങളിൽ ചെലവായ തുക എത്ര;

(എച്ച്) ടെലഫോൺ ചാർജ് എത്ര;

(ഐ) പ്രസ്തുത കാലയളവിൽ മറ്റിനങ്ങൾക്കായി ഓരോ ഇനത്തിലുമുണ്ടായ ചെലവ് എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) 3,20,862 രൂപ (1-6-2002 മുതൽ 30-6-2004 വരെ).

(സി) 2,01,065 രൂപ.

(ഡി) 2,86,684 രൂപ.

(ഇ) യാത്രാബത്ത 5,34,754 രൂപ ക്ഷാമബത്തയെ സംബന്ധിച്ച കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

| | | | | |
|---|---|---|---|---|
| (ജി) | ശമ്പളം | .. | 26,30,266 രൂപ | നോൺ ഗസറ്റഡ് |
| | അലവൻസ് | .. | 1,29,542 ,, | ,, |
| | യാത്രാബത്ത | .. | 8,899 ,, | ,, |
| | ക്ഷാമബത്ത | .. | 2,73,469 ,, | ,, |

(ഗസറ്റഡ് വിഭാഗത്തിന്റെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്).

(എച്ച്) പ്രതിപക്ഷ നേതാവ്—6,38,351 രൂപ പേഴ്സണൽ സ്റ്റാഫ്—1,50,496 രൂപ.

(ഐ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

പേഴ്സണൽ സ്റ്റാഫിന്റെ റദ്ദ് ചെയ്ത ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാൻ നടപടി

12 [2492] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഉദ്യോഗസ്ഥർ അനുഭവിച്ചു വന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ ഉത്തരവുമൂലം റദ്ദുചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പേഴ്സണൽ സ്റ്റാഫിൽപ്പെട്ട അംഗങ്ങൾക്ക് ടെർമിനൽ സറണ്ടർ കൊടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(സി) 26-10-2003-ൽ ടെർമിനൽ ലീവ് സറണ്ടർ നിർത്തലാക്കിക്കൊണ്ട് സർക്കാർ സർക്കുലറോ ഉത്തരവോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ടെർമിനൽ ലീവ് സറണ്ടർ തീർപ്പാക്കാതെ എത്ര കേസുകൾ പെന്റിംഗിലുണ്ടെന്നു കൂടി വ്യക്തമാക്കുമോ;

(ഡി) പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് മുമ്പ് ലഭിച്ചിരുന്നതുപോലെ ടെർമിനൽ ലീവ് സറണ്ടർ പുനഃസ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഇരുപതു ദിവസത്തെ ലീവ് സറണ്ടർ പുനഃസ്ഥാപിച്ചുകൊണ്ടുള്ള ഉത്തരവ് പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കും ബാധകമാക്കിയിട്ടുണ്ടോ;

(എഫ്) ഇരുപതു ദിവസം ലീവ് സറണ്ടർ ആവശ്യപ്പെട്ട് പേഴ്സണൽ സ്റ്റാഫ് നൽകിയ അപേക്ഷയിൻമേൽ തീരുമാനം എടുക്കുന്നതിൽ കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വേഗത്തിൽ തീർപ്പാക്കാൻ എന്തു നടപടിയാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആനുകൂല്യങ്ങളൊന്നും റദ്ദ് ചെയ്തിട്ടില്ല.

(ബി) 16-10-2003-ലെ സർക്കുലർ 85/03/ധന. നം. പ്രകാരം താൽക്കാലിക ജീവനക്കാർ, കോൺട്രാക്ട് അടിസ്ഥാനത്തിലും പുനർനിയമന വ്യവസ്ഥയിലും നിയമിക്കപ്പെട്ടവർ എന്നിവർക്ക് ടെർമിനൽ സറണ്ടർ ആനുകൂല്യം ലഭിക്കുന്നതല്ല. അതനുസരിച്ച് പേഴ്സണൽ സ്റ്റാഫിൽ ഇപ്രകാരം നിയമിക്കപ്പെട്ടവർക്ക് ടെർമിനൽ സറണ്ടർ ലഭിക്കുകയില്ല. മേൽ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(സി) ഇല്ല.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ധനവകുപ്പിന്റെ 12-7-2004-ലെ ജി.ഒ.(പി) 324/2004/ധന.നം. ഉത്തരവ് പ്രകാരം 20 ദിവസം ഏൺഡ് ലീവ് സറണ്ടർ ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷകൾ തീർപ്പാക്കിവരുന്നു.

5-ാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ

13 [2493] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-1997 അദ്ധ്യയനവർഷത്തിൽ സൂപ്പറാനേഷനിൽ റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് 5-ാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly